## സബ്മിഷൻ

### ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

ശ്രീ. സണ്ണി ജോസഫ് : സർ, എന്റെ നിയോജകമണ്ഡലത്തിലെ ഇരിട്ടി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിൽ നിലവിൽ 100 സ്ക്വയർ കി. മീറ്ററിലധികം വിസ്തൃതിയും 19,000–ത്തിലധികം കണക്ഷൻസും ഉപഭോക്താക്കളും ആ സെക്ഷന്റെ കീഴിലായിട്ടുണ്ട്. ഇതൊരു മലയോരപ്രദേശമാണ്. പ്രകൃതിക്ഷോഭത്തിൽ വൈദ്യുതി വിതരണത്തിലുണ്ടാകുന്ന തടസ്സങ്ങൾ നീക്കുന്നതിനെല്ലാം സെക്ഷൻ ഓഫീസുകളെയാണ് ആളുകൾ ആശ്രയിക്കുന്നത്. അതുകൊണ്ട് ഇന്നലെയും ഈ വിഷയം സഭയിൽ വന്നതാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് 100 സ്ക്വയർ കി.മീറ്ററിലധികം വിസ്തൃതിയും 19,000 ഉപഭോക്താക്കളുമുള്ള ഈ സെക്ഷൻ ഓഫീസും സമീപത്തുള്ള രണ്ട് സെക്ഷൻ ഓഫീസുകളായ ഇടൂർ, ഉളിക്കൽ എന്നീ മൂന്ന് പ്രദേശങ്ങളിലെ സെക്ഷൻ ഓഫീസുകളും കൂട്ടിച്ചേർത്ത് പതിനായിരത്തിലധികം വരുന്ന 100 സ്ക്വയർ കി.മീറ്ററോളം വിസ്തൃതി വരുന്ന പുതിയ ഒരു സെക്ഷൻ ഓഫീസ് വള്ളിത്തോട്ടിൽ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽസുണ്ട്. അത് അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച കാര്യം പല തവണ എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ഇരിട്ടിയിൽ 19,645 ഉപഭോക്താക്കളുണ്ട്. എന്നാൽ

46.82 സ്ക്വയർ കിലോമീറ്ററേ ഉള്ളു. 20,000 ഉപഭോക്താക്കളോ 100 കിലോമീറ്ററിൽ കൂടുതൽ പരിധിയോ ഉള്ള സ്ഥലങ്ങളാണ് വിഭജിക്കേണ്ടത്. അതല്ലെങ്കിൽ 25,000-ത്തിൽ കൂടുതൽ ഉപഭോക്താക്കളോ 50 സ്ക്വയർ കിലോമീറ്ററിൽ കൂടുതലോ വേണം. ഇരിട്ടിയിൽ ഇത്രയേയുള്ളു. **ഇടൂർ** എന്ന സ്ഥലത്ത് 16,137 ഉപഭോക്താക്കളും 155.82 സ്ക്വയർ കിലോമീറ്ററുമാണുള്ളത്. അതുപോലെ ഉളിക്കലിൽ 10,093 ഉപഭോക്താക്കളേയുള്ളു. അവിടെ 72.24 സ്ക്വയർ കിലോമീറ്റർ മാത്രമാണുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ നോംസുണ്ടാക്കിയാൽ ഇനി വളരെയധികം വരും. ഏതായാലും ഈ നോംസ് മാറ്റുന്ന സന്ദർഭത്തിൽ ഇത് ഒരു മലയോര പ്രദേശമാണ് എന്നുള്ള പരിഗണന കൂടി കൊടുത്ത് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പരമാവധി ചെയ്യുന്നതാണ്.

## ഭൂമി ഏറ്റെടുക്കൽ

ശ്രീ. ജി. എസ്. ജയലാൽ : സർ, ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ആദിച്ചനെല്ലൂർ -ചാത്തന്നൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു പാലമാണ് പള്ളിക്കമണ്ണടി പാലം. ഈ പാലത്തിന്റെ നിർമ്മാണത്തിനായി 14-8-2009-ൽ പൊതുമരാമത്ത് വകുപ്പിൽ നിന്ന് 3.15 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. അതിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം ഇല്ലാത്തതുകൊണ്ട് പാലത്തിന്റെ പണി ആരംഭിക്കാൻ കഴിഞ്ഞില്ല. 2009-ലാണ് ബഹുമാനപ്പെട്ട മന്ത്രി........

ശ്രീ. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്റർ കേൾക്കുന്നുണ്ട്. അങ്ങ് പറയൂ.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, 2009-ൽ ഭരണാനുമതി ലഭിച്ച ഒരു പാലത്തിന്റെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ കൊണ്ടുവരുന്നത്. 2009-ലാണ് പണം അനുവദിച്ചത്. അതിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കാനുള്ള നടപടികളുടെ കാലതാമസമാണ് ഈ സബ്മിഷന് കാരണമായിട്ടുള്ളത്. അതിൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽ കുറച്ചു സ്ഥലം ഉൾപെടുന്നതിനാൽ അതിന്റെ പെർമിഷനുവേണ്ടി സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ മുമ്പിൽ അപേക്ഷ കൊടുത്തു. 7-8-2012-ലാണ് ഹൈലെവൽ കമ്മിറ്റിയുടെ പരിഗണനയ്ക്ക് ഈ ഫയൽ അയയ്ക്കുന്നത്. 19-4-2013-ലും ഉത്തരവായി. ഈ ഉത്തരവിൽ സർവ്വേ നമ്പറിൽ വന്ന വ്യത്യാസത്തിന്റെ പേരിൽ ഒരു വില്ലേജിൽ നിന്ന് മറ്റൊരു വില്ലേജിലേക്ക് ഒരു സെന്റ് ഭൂമി മാറിയതിന്റെ പേരിൽ അതിന് കറക്ഷന് അയയ്ക്കേണ്ടിവന്നു. ആ കറക്ഷന് അയച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി വീണ്ടും ഉത്തരവാക്കി. ഇപ്പോൾ വീണ്ടും അതിന്റെ സാങ്കേതികമായ തടസ്സം പറയുന്നത്, അന്ന് കണ്ടെത്തിയ 12.110 സെന്റ് സ്ഥലം കൂടാതെ ഇനിയും 15.39 സെന്റു ഭൂമി കൂടി ഈ തണ്ണീർത്തട നെൽവയൽ സംരക്ഷണ നിയമത്തിൽ നിന്ന് ഒഴിവാക്കപ്പെടേണ്ടതുണ്ടെന്നാണ്. ഒരു കാര്യത്തിനുതന്നെ മൂന്നുതവണ ഇത്തരം നടപടികളിലേയ്ക്ക് പോകേണ്ട ഒരു സ്ഥിതിയിലാണ്. അത് ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്ന് വരുന്ന കുറ്റകരമായ അനാസ്ഥയാണ്. അത് മാത്രവുമല്ല ഇപ്പോൾ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഇങ്ങനെ പൂർത്തീകരിച്ചു നിൽക്കുന്ന കേസ്സുകളിൽ കേന്ദ്ര നിയമം ഒഴിവാക്കപ്പെടുന്നതിനാവശ്യമായ നടപടി ഉണ്ടാകണം. 28 സെന്റിന് താഴെ ഭൂമി ഏറ്റെടുക്കാൻ അഞ്ചുവർഷമായിട്ടും

കഴിയാത്ത സങ്കീർണ്ണമായ ഒരു പ്രശ്നമാണ് ഞാൻ പറയുന്നത്. ഇത് പ്രധാന മായും അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിത് കാരണം ചാത്തന്നൂർ മണ്ഡലത്തിലെ ഒരു ക്രമസമാധാന പ്രശ്നമായിതന്നെ ഈ വിഷയം മാറിയി രിക്കുകയാണ്. അതുകൊണ്ട് അങ്ങ് മുൻകൈ എടുത്ത് ഇതിന്റെ പ്രവർത്തന ങ്ങൾ ത്വരിതപ്പെടുത്താൻ ഒരു പ്രത്യേക ഉദ്യോഗസ്ഥനെ ...

ശ്രീ. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്...കൺക്ലൂഡ്..... മൂന്നു മിനിട്ട് അധിക മായി. സബ്മിഷന് മൂന്ന് മിനിട്ടിന് കൂടുതൽ എടുത്താൽ എങ്ങനെയാണ് ശ്രീ. ജയലാൽ.

ശ്രീ. ജി. എസ്. ജയലാൽ : സർ, ഈ വിഷയം ഒരു പ്രത്യേക ഉദ്യോഗ സ്ഥനെ ചുമതലപ്പെടുത്തി നടപ്പിലാക്കാൻ അങ്ങ് മുൻകൈ എടുക്കണമെ ന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, പള്ളി ക്കമണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി മീനാട്–ആദിച്ചനെല്ലൂർ വില്ലേജിലെ 27 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് 9–4–2013–ന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പരിശോധന നടത്തി സർവ്വേ പൂർത്തീ കരിച്ചപ്പോൾ മേൽപ്പറഞ്ഞ പദ്ധതിക്കുവേണ്ടി 37.33 ആർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിരുന്നത്. മേൽപ്പറഞ്ഞ സ്ഥലമെടുപ്പിനുള്ള വിജ്ഞാപനം 30–5–2013–ൽ 1508–ാം നമ്പർ ആയി കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി. ആറാം വകുപ്പു പ്രകാരമുള്ള പ്രഖ്യാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർക്ക്

സമർപ്പിച്ചപ്പോൾ 4.906 ആർ നിലത്തിനുമാത്രമേ നികത്താൻ അനുമതി ലഭിച്ചിട്ടുള്ളു എന്നും ബാക്കി വേണ്ടിവരുന്ന 6.23 ആർ നിലത്തിനുകൂടി നികത്തൽ അനുമതി നേടണമെന്നും നിർദ്ദേശിക്കുകയുണ്ടായി. മേൽപ്പടി അനുമതി നേടുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിച്ചുവരി കയാണ്. പ്രഖ്യാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയശേഷം പുതിയ കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ വില നിശ്ചയിച്ച് അവാർഡ് പാസ്സാക്കി സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തീകരിക്കുന്നതാണ്.

## സീറ്റ്ബെൽറ്റ് നിർബന്ധമാക്കിയതുമൂലമുള്ള ബുദ്ധിമുട്ട്

ശ്രീ. കെ. ശിവദാസൻ നായർ: സർ, മോട്ടോർ വാഹന നിയമം തീർച്ച യായും പാലിക്കപ്പെടേണ്ടതുതന്നെയാണ്. പക്ഷെ കാറിന്റെ പുറകിലെ സീറ്റി ലിരുന്ന് സഞ്ചരിക്കുന്നവരും സീറ്റ്ബെൽറ്റ് നിർബന്ധമായും ധരിക്കണമെന്ന് ഒരുദ്യോഗസ്ഥന്റെ പ്രസ്താവന വന്നതിന്റെ പിറ്റേദിവസംമുതൽ പോലീസും ട്രാൻസ്പോർട്ട് വകുപ്പിലെ ഉദ്യോഗസ്ഥരും റോഡിലിറങ്ങി ചെക്കിംഗ് തുടങ്ങി. ഫ്രണ്ട് സീറ്റിൽ ഇരിക്കുന്നവർ സീറ്റ്ബെൽറ്റ് ധരിക്കണം, ഇരുചക്ര വാഹനങ്ങൾക്ക് ഹെൽമെറ്റ് ബാധകമാക്കണം എന്നിങ്ങനെയുള്ള നിയമങ്ങ ളെല്ലാം കൃത്യമായി പാലിക്കപ്പെടണമെന്ന കാര്യത്തിൽ സംശയമില്ല. കേന്ദ്രമന്ത്രി ഗോപിനാഥ് മുണ്ടെ ഒരപകടത്തിൽ മരിച്ചു. പിൻസീറ്റിൽ ബെൽറ്റ് ഇട്ടിരുന്നുവെങ്കിൽ മരണം സംഭവിക്കയില്ലായിരുന്നു എന്ന തരത്തി ലുള്ള ഒരു റിപ്പോർട്ട് കണ്ടതിന്റെ അടിസ്ഥാനത്തിൽ, ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തുമില്ലാത്ത തരത്തിൽ കേരളത്തിൽമാത്രം ഇങ്ങനെയൊരു

പരിഷ്ക്കാരം കൊണ്ടുവന്ന് ജനങ്ങളെ ബുദ്ധിമുട്ടിക്കുകയാണ്. പത്രത്തിൽ തലക്കെട്ട് വരുന്നതിനുവേണ്ടി ഏതെങ്കിലുമൊരു ഉദ്യോഗസ്ഥൻ ഇത്തരത്തിലൊരു ഉത്തരവിറക്കിയാൽ, ഗവൺമെന്റിന്റെ നിലപാടെന്താണ്; ഗവൺമെന്റ് ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ? ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന തരത്തിൽ ഇത്തരത്തിലുള്ള പരിഷ്ക്കാരങ്ങൾ നടപ്പിലാക്കുന്നത് പ്രതിഷേധത്തിനിടയാക്കിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കണം. പിൻസീറ്റിൽ ബെൽറ്റുകളില്ലാത്ത കാറുകളാണ് ഭൂരിഭാഗവും. എന്നിട്ടും പിൻസീറ്റിൽ ബെൽറ്റ് വേണമെന്ന് നിർബന്ധിക്കുന്നുവെങ്കിൽ, അതിന്റെ പേരിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻ നടപടിയെടുക്കുന്നുവെങ്കിൽ ആ ഉദ്യോഗസ്ഥനെ ഒരു ബെൽറ്റിട്ട് എവിടെയെങ്കിലും പൂട്ടണം. അതല്ലാതെ ജനങ്ങളുടെ മേൽ കുതിരകയറുന്ന നടപടികൾ അനുവദിക്കാൻ പാടില്ല. ഇതിന്മേൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട കെ. ശിവദാസൻ നായർ പറഞ്ഞ പൊതുവികാരത്തോട് ഞാൻ യോജിക്കുന്നു. കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ 125 (1), 125 (1എ) ഇവ അനുസരിച്ച് ചില നിഷ്കർഷകൾ വന്നിട്ടുള്ളത് മുൻസീറ്റിൽ ഇരിക്കുന്ന ആളുകളെക്കുറിച്ചാണ്. 2005-ൽ ഉണ്ടായ ഒരു നിയമത്തിന്റെ പേരിൽ 05-06-2014-ൽ ഡെപ്യൂട്ടി കമ്മീഷണർമാർക്ക് ഒരു സർക്കുലർ അയച്ചതായിട്ടാണ് അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചത്. ഈ നിയമം ഇങ്ങനെ പാലിക്കാൻ തുടങ്ങിയാൽ പിൻസീറ്റിൽ ഇരുന്ന് യാത്ര ചെയ്യുന്ന മുഴുവൻ ആളുകൾക്കെതിരെയും സീറ്റ്ബെൽറ്റ് ധരിക്കാത്തതിന്റെ പേരിൽ കേസ്സെടുക്കാം. അങ്ങനെ വന്നാൽ

കേരളത്തിൽ കേസ്സില്ലാത്ത ആളുകളാരും ഉണ്ടാകില്ല. ആ നിലയിൽ കൊണ്ടുപോകാൻ കഴിയില്ല. അതുകൊണ്ട് ആ സർക്കുലർ ഗവൺമെന്റ് പിൻവലിക്കുകയാണ്. അതിനുവേണ്ട എല്ലാ നടപടികളും സ്വീകരിക്കുകയാണ്. ജനങ്ങളെ ദ്രോഹിച്ചുകൊണ്ടുള്ള മോട്ടോർ വാഹന നിയമമല്ല, Keep Left എന്ന് നിയമത്തിലുള്ളതുകൊണ്ട് വലതുവശം ചേർന്നുപോകുന്ന ആളുകളെ മുഴുവൻ അറസ്റ്റ് ചെയ്യാൻ കഴിയില്ലല്ലോ. പ്രായോഗികമല്ലാത്ത ഒരു നടപടിയോടും ഗവൺമെന്റ് യോജിക്കുന്നില്ല. സർക്കുലർ വിത്ത്ഡ്രോ ചെയ്യുന്നതിനുള്ള നിർദ്ദേശം ഇപ്പോൾത്തന്നെ നൽകുന്നതാണ്.

## <u>പാലക്കാട് മെഡിക്കർ കോളേജ്</u>

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഉമ്മൻ ചാണ്ടി സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതിക്കാർക്കുവേണ്ടി നിരവധി കാര്യങ്ങൾ ചെയ്തതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ പാലക്കാട് മെഡിക്കൽ കോളേജ് തുടങ്ങുവാൻ തീരുമാനിച്ചത്. ഈ മെഡിക്കൽ കോളേജ് തുടങ്ങുന്നതോടുകൂടി പട്ടികജാതി–പട്ടികവർഗ്ഗത്തിൽപ്പെട്ട നിരവധി കുട്ടികൾക്ക് മെഡിസിന് പഠിക്കുവാൻ അവസരമുണ്ടാകുകയാണ്. 70 ശതമാനം സീറ്റാണ് എസ്.സി./എസ്.റ്റി. വിഭാഗത്തിനായി ഈ മെഡിക്കൽ കോളേജിൽ റിസർവ് ചെയ്തിരിക്കുന്നത്. എൻട്രൻസ് പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട പാവപ്പെട്ട നിരവധി കുട്ടികൾ അഡ്മിഷൻ ലഭിക്കുന്നതിനായി പ്രതീക്ഷയോടെ കാത്തിരിക്കുകയാണ്. കേരളത്തിലിപ്പോൾ നൂറിൽതാഴെ കുട്ടികൾക്കാണ് ഗവൺമെന്റ്, സ്വാശ്രയ കോളേജുകളിൽ അഡ്മിഷൻ ലഭിക്കുന്നത്. മെഡിക്കൽ കോളേജ്

തുടങ്ങുന്നതിനുള്ള അനുമതി ലഭിക്കുന്നതിനായി മെഡിക്കൽ കൗൺസിലിന്റെ ഇൻസ്പെക്ഷൻ നടപടികളെല്ലാം പൂർത്തിയായതായി അറിയാൻ കഴിഞ്ഞു. ഈ വർഷം മെഡിക്കൽ കോളേജ് തുടങ്ങുകയാണെങ്കിൽ റാങ്ക് ലിസ്റ്റിലുള്ള എഴുപതോളം കുട്ടികൾക്ക് പ്രവേശനത്തിന് അവസരം ലഭിക്കും. ആയതുകൊണ്ട് ഈ വർഷംതന്നെ മെഡിക്കൽ കോളേജ് തുടങ്ങുന്നതിനുള്ള നടപടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നു.

ശ്രീ. എ.കെ. ബാലൻ: പാലക്കാട് നിയോജകമണ്ഡലത്തിൽ തുടങ്ങാൻ പോകുന്ന മെഡിക്കൽ കോളേജിനെക്കുറിച്ച് സബ്മിഷൻ അവതരിപ്പിക്കേണ്ടത് പാലക്കാട് എം.എൽ.എ. അല്ലേ. മറ്റൊരു മണ്ഡലത്തിലെ എം.എൽ.എ. ആണോ ചോദിക്കേണ്ടത്?

മി. ഡെപ്യൂട്ടി സ്പീക്കർ: പാലക്കാട് നിയോജകമണ്ഡലത്തിലെ എം.എൽ.എ. സബ്മിഷൻ കൊടുത്തിട്ടില്ല. സ്ഥലം എം.എൽ.എ. സബ്മിഷൻ കൊടുത്തിരുന്നുവെങ്കിൽ അദ്ദേഹത്തിന് മുൻഗണന നൽകുമായിരുന്നു. കൊടുക്കാത്ത സബ്മിഷൻ എങ്ങനെയാണ് ചെയർ അനുവദിക്കുന്നത്?

ശ്രീ. എ. കെ. ബാലൻ: ഇതിന്റെ പിന്നിലുള്ള താത്പര്യമെന്താണെന്ന് ഞാൻ പിന്നീട് പറയാം.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഇത് പാലക്കാട് നിയോജകമണ്ഡലത്തിന്റെ മാത്രം കാര്യമല്ല. എൻട്രൻസ് പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട കേരളത്തിലെ എസ്.സി/എസ്.റ്റി. വിഭാഗത്തിൽപ്പെട്ട മുഴുവൻ കുട്ടികളെയും സംബന്ധിക്കുന്ന വിഷയമാണ്.

പട്ടികജാതി–പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ.– യുടെ നിയോജക മണ്ഡലത്തിലാണ് മെഡിക്കൽ കോളേജ് വരുന്നത്. ഇതിന്റെ ആദ്യഘട്ടം മുതലുള്ള എല്ലാ പ്രവർത്തനങ്ങളിലും ശ്രീ. ഷാഫി പറമ്പിൽ എം.എൽ.എ. വളരെ സജീവമായി രംഗത്തുണ്ട് എന്നുമാത്രമല്ല മെഡിക്കൽകോളേജ് നടപ്പാക്കുന്ന കാര്യത്തിൽ എം.എൽ.എ. എന്നുള്ള നിലയിൽ എല്ലാവിധ പിന്തുണയും നല്കുന്നുണ്ട്. ശ്രീ. വി. പി. സജീന്ദ്രൻ എം.എൽ.എ. ഇവിടെ ഉന്നയിച്ചത് സംസ്ഥാനതലത്തിൽ നടന്ന മെഡിക്കൽ എൻട്രൻസ് എക്സാമിനേഷന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചുകഴിഞ്ഞ സാഹചര്യത്തിൽ ഈ വർഷം മെഡിക്കൽ കോളേജ് ആരംഭിച്ചാൽ ഏതാണ്ട് 70 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിക്കും. ഇത് പാലക്കാടിൽ നിന്നു മാത്രമുള്ളതല്ല കേരളത്തിലെ എല്ലാ ജില്ലകളിൽനിന്നുമുള്ള കുട്ടികൾക്ക് പഠിക്കാനുള്ള അവസരം ലഭിക്കുന്ന ഒന്നാണ്. മെഡിക്കൽ കോളേജ് ആരംഭിക്കാനുള്ള കാരണംതന്നെ കേരളത്തിൽ 7 ഗവൺമെന്റ് മെഡിക്കൽ കോളേജുകളും 17 സെൽഫ് ഫിനാൻസിംഗ് മെഡിക്കൽ കോളേജുമുൾപ്പെടെ ആകെ 25 മെഡിക്കൽ കോളേജുകളാണുള്ളത് എന്നുള്ളതുകൊണ്ടാണ്. ഈ മെഡിക്കൽ കോളേജുകളില്ലൊംകൂടി 2950 സീറ്റുകളാണ് ആകെയുള്ളത്. ഈ സീറ്റുകളിൽ എസ്.സി. വിഭാഗങ്ങൾക്ക് ലഭിക്കുന്നത് 125 സീറ്റുകളാണ്. ഏതാണ്ട് 3000 സീറ്റ് വരികയാണെങ്കിൽ ആനുപാതികമായി 300 സീറ്റ് (10 ശതമാനം) ലഭിക്കണം. പക്ഷെ സ്വാശ്രയ കോളേജുകളിലെ സീറ്റ് സംവരണത്തിലെ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ 125

സീറ്റാണ് ലഭിക്കുന്നത്. അത് വളരെ പരിമിതമാണ്. കഴിഞ്ഞവർഷം എസ്. സി. വിഭാഗത്തിൽപ്പെട്ട 484 പേരാണ് മെഡിക്കൽ എൻട്രൻസ് പരീക്ഷ പാസ്സായത്. പക്ഷെ 125 സീറ്റുകൾ മാത്രമാണ് ലഭിച്ചത്. ഇത്തരമൊരു മെഡിക്കൽ കോളേജ് ആരംഭിച്ചാൽ എഴുപതോളം വിദ്യാർത്ഥികൾക്ക് പഠിക്കാൻ അവസരം ലഭിക്കുന്ന സാഹചര്യം ഉണ്ടാകുമെന്നത് മുന്നിൽ കണ്ടുകൊണ്ടാണ് പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിക്കുവാനുള്ള തീരുമാനമെടുത്തത്. അക്കാഡമിക് ബ്ലോക്ക് ജൂലൈ 15-ാം തീയതിയോടു കൂടി പൂർത്തിയാകും. എം. സി. ഐ. - യുടെ ഇൻസ്പെക്ഷൻ നടന്നുകഴി ഞ്ഞു. ലാബ് ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും പൂർണ്ണമായി പൂർത്തീ കരിച്ചുകൊണ്ട് മെഡിക്കൽകോളേജ് തുടങ്ങാൻ ഗവൺമെന്റ് സന്നദ്ധമാണ്. എം. സി. ഐ.-യുടെ അംഗീകാരം ലഭിക്കുകയാണെങ്കിൽ ഈ വർഷംതന്നെ മെഡിക്കൽ കോളേജ് ആരംഭിക്കാൻ കഴിയും.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകു പ്പിന്റെ പണം ഉപയോഗിച്ചുകൊണ്ടാണല്ലോ മെഡിക്കൽ കോളേജ് നടത്താൻ പോകുന്നത്. ഇതിന് എന്തെങ്കിലും ബഡ്ജറ്ററി സപ്പോർട്ടുണ്ടോ; ശേഷിക്കുന്ന 30 സീറ്റ് സ്വാശ്രയ മേഖലയിലാണോ കൊടുക്കുന്നത്; അങ്ങനെയാണെ ങ്കിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് നീക്കിവയ്ക്കുന്ന സീറ്റിൽ 30 ശതമാനം സ്വാശ്രയ മേഖലയിൽ....................

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട ബാലൻ, ഇങ്ങനെ ചോദിക്കു ന്നത് ശരിയാണോ; ഇതൊക്കെ മറ്റൊരു അവസരത്തിൽ ചോദിക്കേണ്ടതാണ്.

<u>ശ്രീ. എ. കെ. ബാലൻ</u>: ശരി. ഡിമാന്റ് ചർച്ചയിൽ ചോദിക്കാം.

**കുഞ്ഞിമംഗലം മൂശാരിക്കോവിലിനെ ശില്പപൈതൃക ഗ്രാമമായി പ്രഖ്യാപിക്കൽ**

ശ്രീ. റ്റി. വി. രാജേഷ്: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കുഞ്ഞിമംഗലം പഞ്ചായത്തിലെ മൂശാരിക്കോവിൽ ഗ്രാമം വെങ്കല ശില്പ നിർമ്മാണത്തിന് വളരെ പ്രസിദ്ധമാണ്. പലയിടങ്ങളിലും കരിങ്കൽ ഉപയോഗിച്ചാണ് ക്ഷേത്രശില്പങ്ങൾ നിർമ്മിക്കാറുള്ളതെങ്കിൽ കുഞ്ഞിമംഗലത്തെ മൂശാരിമാർ വെങ്കലങ്ങൾകൊണ്ട് ശില്പങ്ങൾ നിർമ്മിക്കുന്നവരാണ്. ഉത്തര മലബാറിലെ തെയ്യത്തിന്റെ ചമയങ്ങളിൽ ഏറ്റവും പ്രശസ്തമായ തലപ്പൊളി, ചിലമ്പ്, മുടിതാങ്ങി എന്നിവയൊക്കെ നിർമ്മിക്കുന്നത് ഇവിടത്തെ മൂശാരിമാരാണ്. അതുപോലെതന്നെ ജില്ലയിലെ പ്രശസ്തമായ നിരവധി ക്ഷേത്രങ്ങളിലെ തിരുവാഭരണങ്ങൾ, തിരുവായുധങ്ങൾ, ദീപസ്തംഭങ്ങൾ, കൊടിമരങ്ങൾ എന്നിവയും ഇവിടത്തെ ശില്പിമാർ നിർമ്മിച്ചുനല്കിയതാണ്. ആയുർവേദ ചികിത്സയുമായി ബന്ധപ്പെട്ട ഓട്ടുപാത്രങ്ങളും മറ്റ് സാമഗ്രികളും ഇപ്പോഴും ഇവിടെനിന്നാണ് പ്രധാനമായും നിർമ്മിക്കപ്പെടുന്നത്. വീടുകളിലുപയോഗിക്കുന്ന നിലവിളക്കുകളിൽ കുഞ്ഞിമംഗലം വിളക്ക് വളരെ പ്രസിദ്ധമാണ്. കൂടാതെ വീടുകളിലുപയോഗിക്കുന്ന ഉരുളി, വട്ടിളം, കോളാമ്പി, കിണ്ടി തുടങ്ങിയ പൂജാ ഉപകരണങ്ങളൊക്കെ ഇവിടെ നിർമ്മിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കപ്പെട്ട നിരവധി ദേശീയ നേതാക്കളുടേയും മഹത് വ്യക്തികളുടേയും പ്രതിമകൾ ഇവിടെ നിന്നാണ് നിർമ്മിച്ചിട്ടുള്ളത്. പാർലമെന്റിൽ സ്ഥാപിച്ച എ.കെ.ജി.-യുടെ പ്രതിമ കുഞ്ഞിമംഗലത്ത് നിർമ്മിച്ചതാണ്. ഏഴിമല നാവിക അക്കാഡമിയിൽ ധീര ദേശാഭിമാനിയായ കുഞ്ഞാലിമരക്കാരുടെ പ്രതിമ നിർമ്മിച്ചതും കുഞ്ഞിമംഗലത്താണ്. അതുപോലെ ഇവിടെ നിർമ്മിച്ച ടാഗോറിന്റെ പ്രതിമ വളരെ പ്രസി

ദ്ധമാണ്. ഇന്ന് അസംസ്കൃത വസ്തുക്കളുടെ ക്ഷാമവും ഇതിനുവേണ്ടി വരുന്ന കഠിനാധ്വാനവും പുതിയ തലമുറയെ ശില്പനിർമ്മാണ രംഗത്തു നിന്നും പിന്നോട്ടുപോകാൻ പ്രേരിപ്പിക്കുന്നു. ശില്പ നിർമ്മാണത്തിൽ കേരള ത്തിന് ഏറ്റവും നല്ല മാതൃകകൾ കാണിച്ചുതന്ന കുഞ്ഞിമംഗലത്തെ ശില്പ നിർമ്മാണം സംരക്ഷിക്കാൻ കഴിയണം. ഈ സാഹചര്യത്തിൽ കുഞ്ഞു മംഗലം വെങ്കല പൈതൃക സംരക്ഷണത്തിന് അർഹമായ പ്രോത്സാഹനവും സംരക്ഷണവും നല്കുന്നതിനും ഈ ഗ്രാമം ഒരു വെങ്കല ശില്പ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കണം. അതോ ടൊപ്പംതന്നെ നാടിന്റെ ഈ ശില്പകലയെ അതിന്റെ തനിമയോടെ പൊലിമ യോടെ ഭാവിതലമുറയ്ക്ക് കാണുന്നതിനും പഠിക്കുന്നതിനും സാധിക്കുന്ന തരത്തിൽ നല്ലൊരു മ്യൂസിയം സ്ഥാപിക്കുന്നതിനും സർക്കാർ തയ്യാറാകണം. ഞങ്ങളുടെ ജില്ലയെ പ്രതിനിധീകരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിക്ക് ഇക്കാര്യ ങ്ങളെല്ലാം അറിയാവുന്നതാണ്. തീർച്ചയായും ഇക്കാര്യത്തിൽ ഒരു നടപടി യുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടി ക്കാണിച്ചതുപോലെ 700-ലേറെ വർഷങ്ങളുടെ പഴക്കമുള്ള കണ്ണൂരിലെ മൂശാരിക്കോവിലെന്ന ഗ്രാമത്തിലെ വെങ്കലശിൽപ്പ നിർമ്മാണം ലോക പ്രശസ്തമാണ്. അദ്ദേഹം ഇവിടെ പറഞ്ഞതുപോലെ, പ്രശസ്തമായ പല വെങ്കലശിൽപ്പങ്ങളും മാത്രമല്ല കഥകളിയുമായി ബന്ധപ്പെട്ട കഥകളിയു ടെയും തെയ്യത്തിന്റെയും നിരവധി ചമയങ്ങൾ ഒരുക്കുന്നത് ഇവിടെയാണ്.

ഇപ്പോൾ വീടുകളിൽ ഉപയോഗിക്കുന്ന ഉരുളി, വട്ടളം, കോളാമ്പി, കിണ്ടി, ഇസ്തിരിപ്പെട്ടി തുടങ്ങിയവയെല്ലാം നിർമ്മിക്കുന്ന ഈ സ്ഥാപനത്തിൽ ശിൽപ്പികളുടെ എണ്ണം കുറഞ്ഞുവരികയാണ്. ശിൽപ്പനിർമ്മാണത്തിൽ കേരളത്തിന് നല്ല മാതൃകകൾ ചൂണ്ടിക്കാണിച്ച ഈ സ്ഥാപനത്തിന്റെ ഭാവിയെപ്പറ്റിയുള്ള ആശങ്കയാണ് ഇവിടെ മെമ്പർ പ്രകടിപ്പിച്ചത്. തീർച്ചയായും കുഞ്ഞിമംഗലത്തിന്റെ ചരിത്രത്തിന്റെ സാംസ്കാരിക മേഖലയിൽ വലിയ സംഭാവന നൽകിയിട്ടുള്ള കാലാകാരന്മാർ ഇന്ന് മൺമറഞ്ഞുപൊയ്ക്കൊണ്ടിരിക്കുകയാണ്. അവശേഷിക്കുന്ന 50 ഓളം കുടുംബങ്ങളിൽ നിന്നും ഒരു ജനതയുടെ സ്വത്തായി നിലനിന്നിരുന്ന ഈ കലാവിരുതിനെ വരും തലമുറകൾക്ക് പരിചയപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. വെങ്കല ശിൽപ്പനിർമ്മാണവുമായി ബന്ധപ്പെട്ട് കേരള ലളിത കലാ അക്കാഡമി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്ന ശിൽപ്പക്യാമ്പുകളിലൊന്ന് അവിടെ സംഘടിപ്പിക്കുന്നതാണ്. ഇതുപോലെ മാന്നാർ, നടവരമ്പ്, ആറന്മുള തുടങ്ങിയ പ്രദേശങ്ങളിലും സമാനമായ ശിൽപ്പനിർമ്മാണ ഗ്രാമങ്ങളുള്ളതായി അറിയുന്നുണ്ട്. അവിടത്തെ ശിൽപ്പനിർമ്മാണം സംരക്ഷിക്കാനും സ്ഥലം ലഭ്യമാണെങ്കിൽ ഒരു മ്യൂസിയം സ്ഥാപിക്കാനും നടപടി സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെട്ടതനുസരിച്ച് മൂശാരിക്കോവിലിനെ ഒരു ശിൽപ്പപൈതൃക ഗ്രാമമായി സംരക്ഷിക്കുന്ന കാര്യം പരിശോധിക്കാൻ കേരള ലളിത കലാ അക്കാഡമിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പദ്ധതിപ്പണം തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച്

ശ്രീ. ജോസഫ് വാഴക്കൻ: സർ, ബഹുമാനപ്പെട്ട ചെയറിന്റെ സഹായം ആവശ്യമുള്ള ഒരു വലിയ പ്രശ്നമാണിത്. വ്യക്തിപരമായി എന്നെയും പ്രൊഫ. ജയരാജിനേയും ബാധിച്ചിരിക്കുന്ന ഒരു പ്രശ്നമാണിത്. കോട്ടയം ജില്ലാ പഞ്ചായത്തിൽ 19 വർഷങ്ങൾക്കുമുമ്പ് മെമ്പറായിരുന്ന ആളായിരുന്നു ഞാൻ. അന്ന് നടപ്പിലാക്കിയ ചില പദ്ധതികളുടെ പണം ഭരണസമിതി അംഗ ങ്ങളെക്കൊണ്ട് തിരിച്ചടപ്പിക്കാൻ വേണ്ടി നോട്ടീസുകൾ വന്നുകൊണ്ടിരിക്കുക യാണ്. ഞാൻ മനസ്സിലാക്കുന്നത്, നിയമസഭാ കമ്മിറ്റിയായ ലോക്കൽ ഫണ്ട് ആഡിറ്റ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നടന്നുകൊണ്ടിരിക്കുന്ന ഓഡി റ്റിംഗിന്റെ ഭാഗമായിട്ടാണ് ഇങ്ങനെ നടക്കുന്നത് എന്നാണ്. 1995-2000 വർഷ ത്തിൽ ത്രിതല പഞ്ചായത്ത് കമ്മിറ്റി നടപ്പിലാക്കിയ പദ്ധതികളിലാണ് ഈ പ്രശ്നങ്ങൾ ഉണ്ടായിരിക്കുന്നത്. അന്ന് ജനകീയാസൂത്രണം തുടങ്ങിയ കാലമാണ്. അതിനെക്കുറിച്ച് വ്യക്തമായ നിയമങ്ങളോ കാര്യങ്ങളോ ഒന്നും തന്നെയില്ല. ആ ഒരു കാലഘട്ടത്തിലാണ് ഈ പദ്ധതികൾ പലതും നടപ്പിലാ ക്കിയിട്ടുള്ളത്. ജനകീയാസൂത്രണത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട പല കാര്യങ്ങളിലും വ്യക്തതയും ഉണ്ടായിരുന്നില്ല. പ്രാരംഭമായി ഗ്രാമസഭകൾ അംഗീകരിക്കുന്ന ഇത്തരം പദ്ധതികളും ഫീസിബിലിറ്റിയും എസ്റ്റിമേറ്റുമൊക്കെ പരിശോധിക്കുന്നതിന് അന്ന് ഡി.എൽ. ഇ.സി.-യും ബി.എൽ.ഇ.സി.-യും തുടങ്ങിയ ഒരുപാട് എക്സ്പേർട്ട് കമ്മിറ്റിക ളൊക്കെ ഉണ്ടായിരുന്നു. ജില്ലാ പഞ്ചായത്ത് അംഗങ്ങൾക്കായി പദ്ധതി നടത്തി പ്പിനകത്ത് യോഗത്തിൽ പങ്കെടുക്കുക, തീരുമാനങ്ങളിൽ ഒപ്പിടുക എന്നുള്ള

തിനപ്പുറത്ത് ഇതിന്റെ ഇംപ്ലിമെന്റേഷനുമായി നേരിട്ട് യാതൊരു ബന്ധവുമി ല്ലാത്തതാണ്. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥന്മാർക്കാണ് പദ്ധതി നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിതത്തം. ഇവർ നടപ്പിലാക്കിയ ചില പദ്ധതികളെക്കുറിച്ച് ലോക്കൽ ഫണ്ട് ആഡിറ്റിംഗ് വിഭാഗം 19 വർഷങ്ങൾക്കുശേഷമാണ് ഇപ്പോൾ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. ഉദയനാപുരത്ത് ഏതോ ഒരു സ്കൂൾ കെട്ടിടം പണിതു, പട്ടിക ജാതി പെൺകുട്ടികളുടെ വിവാഹ ധനസഹായ പദ്ധതി, ഏതോ പാലത്തിനു ടെണ്ടർ എക്സസ് അനുവദിച്ചു എന്നിങ്ങനെ ഓരോ പദ്ധതികളെക്കുറിച്ച് ഓരോ മാസവും ലെറ്ററുകൾ വന്നുകൊണ്ടിരിക്കുകയാ ണ്. ഇപ്പോൾ എനിക്കു മാത്രമല്ല അന്നത്തെ 21 മെമ്പർമാരും മൂന്നുനാല് ലക്ഷം രൂപയോളം തിരിച്ചടയ്ക്കണമെന്ന് പറഞ്ഞിരിക്കുകയാണ്. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥന്മാർവഴി നടപ്പി ലാക്കിയ ഇത്തരം പദ്ധതികളുടെ പേരിൽ ജനപ്രതിനിധികളെ തെറ്റുകാരായി ചിത്രീകരിച്ച് പണം തിരിച്ചടപ്പിക്കാനുള്ള നടപടി അങ്ങേയറ്റം ദൗർഭാഗ്യ കരവും നീതീകരിക്കാനാകാത്തതുമാണ്. ഇത് അന്നത്തെ അംഗങ്ങൾക്ക് മാനഹാനി വരുത്തുകയും സാമ്പത്തികമായും നിയമപരമായും പ്രതിസന്ധിക ളുണ്ടാക്കുകയും ചെയ്യുന്നു. അന്നത്തെ പ്രതിനിധികൾ പലരും ഇന്ന് ശയ്യാവലംബരും നിർദ്ധനരുമായി കഴിയുന്നവരാണ്. സത്യസന്ധരും നിരപരാധികളുമായ ജനപ്രതിനിധികൾക്ക് അങ്ങേയറ്റം ബുദ്ധിമുട്ടുണ്ടാക്കുന്ന ഇക്കാര്യം സർക്കാർ ഗൗരവപൂർവ്വം പരിഗണിച്ച് ഫയലുകളിൽ തീർപ്പുണ്ടാക്കി ഈ പദ്ധതി നടത്തിപ്പുമായി ഒരു ബന്ധവുമില്ലാത്ത നിരപരാധി

കളായ ജനപ്രതിനിധികളെ രക്ഷിക്കണമെന്ന് സബ്മിഷൻ മുഖേന ഞാൻ ആവശ്യപ്പെടുകയാണ്.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): സർ, ഇവിടെ രണ്ടുമൂന്നു പ്രവർത്തികളിലാണ് ലോക്കൽ ആഡിറ്റിംഗിന്റെ ഭാഗമായി ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ അഭിപ്രായ പ്പെട്ടതനുസരിച്ച് ആ കാലഘട്ടത്തിൽ ഈ തുക ബന്ധപ്പെട്ട അംഗങ്ങളിൽ നിന്ന് തിരിച്ചു പിടിക്കാൻ തീരുമാനിച്ചത്. ഒന്ന് ഉദയനാപുരത്ത് സ്കൂൾ കെട്ടിടം പണിതതുസംബന്ധിച്ചുള്ളതാണ്. 04-06-98-ലെ പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം അംഗീകരിച്ച 11-06-98-ലെ ജനറൽ കമ്മിറ്റിയിൽ ഹാജരായിട്ടുള്ള അംഗങ്ങളും പഞ്ചായത്ത് കമ്മിറ്റിക്ക് നിയമോ പദേശം നൽകുന്നതിൽ വീഴ്ചവരുത്തുകയും ചെലവ് നടത്തുകയും ചെയ്ത സെക്രട്ടറിയും 1994-ലെ ലോക്കൽ ഫണ്ട് ആഡിറ്റിംഗ് നിയമത്തിലെ സെക്ഷൻ 16(1) പ്രകാരം ഉത്തരവാദികളാണെന്ന് ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടു. ചീഫ് എഞ്ചിനീയറുടെയും ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെയും ഉപദേശത്തിന്റെ വെളിച്ചത്തിൽ പഞ്ചായത്തിന് നഷ്ടം വന്ന തുക ബന്ധപ്പെട്ട പഞ്ചായത്ത് അംഗങ്ങളിൽ നിന്നും അന്നത്തെ സെക്രട്ട റിയിൽ നിന്നും ഈടാക്കാൻ സർക്കാർ നിർദ്ദേശം നൽകി. രണ്ടാമത് പട്ടികജാതി പെൺകുട്ടികളുടെ വിവാഹധനസഹായ പദ്ധതിയിലെ ഒന്നാം ഗഡു എൽ.ഐ.സി.ക്ക് 28 ലക്ഷം രൂപ അടച്ചു. സർക്കാർ തുടർ ഇൻഷ്വറൻസ് പദ്ധതി നിർത്തിവയ്ക്കാൻ പറഞ്ഞ സാഹചര്യത്തിൽ എൽ.ഐ.സി. ഈ

പണം തിരിച്ചു നൽകിയില്ല. സി.ആന്റ്എ.ജി.-യുടെ 30-03-1999-ലെ റിപ്പോർട്ടിലെ ഖണ്ഡിക 6(4) പ്രകാരം സി.ആന്റ്എ.ജി. കണ്ടെത്തിയ തനുസരിച്ച് ഈ വിഷയത്തിലൊരു വിജിലൻസ് അന്വേഷണം പ്രഖ്യാപിക്കുകയും ചെയ്തു. ആ അന്വേഷണത്തിൽ കുറ്റാരോപിതനായ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റും രണ്ടു മുൻ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാരും ഈ സ്കീമിൽ ഞങ്ങൾ മാത്രമല്ല അന്ന് എല്ലാവരും കൂട്ടുത്തരവാദത്തിൽ ചെയ്തതാണെന്ന് പറഞ്ഞു. ഇക്കാരണത്താൽ തുക നഷ്ടപ്പെടാൻ കാരണമായ തീരുമാനമെടുത്ത അന്നത്തെ ജില്ലാ പഞ്ചായത്ത് കമ്മിറ്റിയുടെ അംഗങ്ങളിൽനിന്നും പ്രസ്തുത തുക തിരിച്ചു പിടിക്കാൻ തീരുമാനിച്ചു. പാലത്തിന് ടെണ്ടർ എക്സസ്സ് അനുവദിച്ചതാണ് മറ്റൊരു കാര്യം. പാലത്തിന്റെ പേര് കൃത്യമായി ഓർമ്മയില്ലെങ്കിലും 43,378 രൂപ നഷ്ടം സംഭവിച്ചതായി ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് പരാമർശിച്ചിരുന്നു. സർക്കാർ നിർദ്ദേശപ്രകാരം അനുവദിക്കാവുന്ന ടെണ്ടർ തുക മുപ്പത് ലക്ഷമാണ്. അത് സർക്കാരുമായി ബന്ധപ്പെടാതെ തന്നെ ഈ 30 ശതമാനം വർദ്ധിപ്പിച്ച് കമ്മിറ്റി അംഗീകരിച്ചൂവെന്നതാണ് ഇതിൽ പറഞ്ഞിരിക്കുന്ന ഒരു പരാതി. ഏതായാലും സർക്കാരുമായി ബന്ധപ്പെട്ട് തീരുമാനങ്ങൾ എടുത്തിട്ടുളളവരിൽ ധാരാളം പഴയ കാലത്തെ മെമ്പർമാരൊക്കെ വരും. ഇതിന്റെ പേരിൽ അവരെ ബുദ്ധിമുട്ടിക്കുന്നത് ശരിയല്ല എന്നുള്ളതുതന്നെയാണ് മന്ത്രിയെന്നുള്ള നിലയിൽ എന്റെ അഭിപ്രായം. സർക്കാർ തലത്തിലുള്ള പ്രശ്നങ്ങൾ മുഴുവൻ സർക്കാർ തന്നെ പരിശോധിച്ച് അതിനാവശ്യമായ നടപടിയെടുത്ത് മെമ്പർമാരെ ഒഴിവാക്കുന്നതിന് വേണ്ടിയുളള നടപടിയെടുക്കാം. ലോക്കൽ ഫണ്ട് ആഡിറ്റുമായി ബന്ധപ്പെട്ടിട്ടുള്ള വിഷയങ്ങൾ നിയമസഭാ സമിതി കൂടിയായ ലോക്കൽ

ഫണ്ട് ആഡിറ്റ് കമ്മിറ്റി പരിശോധിച്ച് മറുപടി നൽകേണ്ടതാണ്. ഇക്കാര്യ ത്തിൽ ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും ഇടപെടുകയാണെങ്കിൽ പുന:പരിശോധിക്കാവുന്നതാണ്.

## ശുദ്ധജല വിതരണം

ശ്രീ. പി.എ. മാധവൻ: സർ, മണലൂർ അസംബ്ലി നിയോജക മണ്ഡലത്തിലെ വാടാനപ്പള്ളി, തൈക്കാട്, മണലൂർ, പാവറട്ടി, വെങ്കിടങ്ങ് തുടങ്ങിയ ആറു പഞ്ചായത്തുകൾ തീരപ്രദേശത്ത് സ്ഥിതി ചെയ്യുന്നതാണ്. അതിൽ മണലൂരും വെങ്കിടങ്ങും പഞ്ചായത്തുകളിൽ എട്ടു കൊല്ലമായി വാട്ടർ ടാങ്ക് പണിതെങ്കിലും ഇന്നുവരെ ഒരു തുള്ളി വെള്ളമെത്തിക്കാൻ കഴിയാതെ കിടക്കുയാണ്. ഏറ്റവും പ്രശസ്ത തീർത്ഥാടന കേന്ദ്രമായ പാലയൂർ, പാവറട്ടി ഉൾപ്പെടുന്ന ഭൂരിപക്ഷം തീരപ്രദേശങ്ങളും ഈ നിയോജക മണ്ഡലത്തിലാ ണ്. പാവറട്ടി പഞ്ചായത്തിന്റെ ദുർഗതിയെക്കുറിച്ച് മൂന്നാമത്തെ തവണയാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഓരോ തവണയും മന്ത്രി വളരെ അനുകൂലമായ നിലപാടും മറുപടിയുമാണ് എനിക്ക് തന്നിട്ടുള്ളത്. പാവറട്ടി പഞ്ചായത്തിലെ തൃത്താല-ഗുരുവായൂർ-പാവറട്ടി കുടിവെള്ള പദ്ധതി 30 കൊല്ലം മുമ്പ് പ്രഖ്യാപിച്ച പദ്ധതിയാണ്. അതിനുശേഷം ചാലിശ്ശേരി-പാവറട്ടി കുടിവെള്ള പദ്ധതി വന്നു. ഇപ്പോൾ കഴിഞ്ഞ കുറച്ചു നാളായി പ്രവൃത്തി കമ്മീഷൻ ചെയ്യാവുന്ന സ്ഥിതിയിൽ എത്തിയിട്ടുള്ള കരിവണ്ണൂർ പുഴയിൽ നിന്ന് പാവറട്ടി, കടപ്പുറം, ചാവക്കാട്, ഗുരുവായൂർ ഉൾപ്പെടുന്ന പ്രദേശങ്ങളി ലേയ്ക്കുള്ള പദ്ധതി പൂർത്തീകരണത്തിനു തൊട്ടുമുമ്പായി അതിൽ നിന്നും

പാവറട്ടി പ്രദേശത്തെ വേർപ്പെടുത്തി. പാവറട്ടി പഞ്ചായത്ത് അതിന്റെ ഗുണഭോക്താവ് അല്ലാതായി മാറി. പാവറട്ടി എന്ന് പറയുന്നത് മാലിന്യം നിറഞ്ഞതും തൃശ്ശൂരിലെ ലാലൂർ പോലെ ഏറ്റവും വലിയ പ്രശ്നബാധിതമായ പ്രദേശവുമാണ്. ചക്കംകണ്ണ് ഉൾപ്പെടുന്ന പ്രദേശത്തിനോട് ചേർന്നു കിടക്കുന്നതാണ്. പാവറട്ടിയിലെ വളരെ ഗുരുതരമായ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിന് രണ്ടു മാർഗ്ഗമാണ് ഉള്ളത്. ഒന്ന്, പാവറട്ടിക്ക് മാത്രമായി ഒരു കുടിവെള്ള പദ്ധതി, ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി **എസ്.എൽ.എസ്. എസ്.സി.** പ്രത്യേമായി പരിഗണിച്ച് ഒരു പദ്ധതി തയ്യാറാക്കുക. പാവറട്ടിയുടെ അതിർത്തിയിലൂടെയാണ് പാവറട്ടി ഉൾപ്പെടുന്ന ഒരു പദ്ധതിയായി ആവിഷ്ക്കരിച്ച് നടപ്പാക്കി കമ്മീഷൻ ചെയ്യാൻ പോകുന്ന കരിവണ്ണൂർ ശുദ്ധജല പദ്ധതിയിലെ ജലം കടന്നുപോകുന്ന ഭാഗമായി വരുന്നത്. തീരപ്രദേശത്തെ വാർഡുകളിലുള്ള അതിരൂക്ഷമായ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് പാവറട്ടി പദ്ധതിയിൽനിന്ന് ലൂപ്പ് ചെയ്ത് ഒരു എം.എൽ.ഡി. വെള്ളമെങ്കിലും കിട്ടിയാൽ ആ പ്രദേശത്തെ കുടിവെള്ളക്ഷാമം താൽക്കാലികമായെങ്കിലും, ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസങ്ങളിലായെങ്കിലും പരിഹരിക്കാൻ കഴിയും. ഇതിനുള്ള ഒരു അനുമതിയും സമീപനവും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. എനിക്കിതിൽ ഇതിനെ വളരെ സമാധാനമുള്ളത് ഓരോ തവണയും വളരെ അനുകൂലമായും അനുഭാവപൂർവ്വമായുമുള്ള മറുപടി ലഭിക്കാറുണ്ട്. എന്നാൽ ഈ പദ്ധതി പ്രാവർത്തികമാകാറില്ല. അത് പ്രാവർത്തികമാക്കാൻ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ഇടപെടണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, 2001-ൽ കമ്മീഷൻ ചെയ്ത നിലവിലുള്ള പാവറട്ടി സമുദ്ര ശുദ്ധജല വിതരണ പദ്ധതി പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളടക്കം തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ 18 പഞ്ചായത്തുകൾക്കുവേണ്ടി വിഭാവനം ചെയ്തതാണ്. എന്നാൽ ആദ്യഘട്ടം കമ്മീഷൻ ചെയ്തപ്പോൾ ജലലഭ്യതയില്ലാത്തതുമൂലം പാവറട്ടി, മുല്ലശ്ശേരി ഉൾപ്പെടെ 8 പഞ്ചായത്തുകൾ ഒഴിവാക്കുകയുണ്ടായി. നിലവിൽ പാവറട്ടി പഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ ഗ്രാമീണ ശുദ്ധജല പദ്ധതി നിലവിലുണ്ട്. പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകൾക്ക് 2035-ലേയ്ക്കുള്ള മൊത്തം ഡിമാന്റ് കണക്കാക്കി 3.67 ദശലക്ഷം ശേഷിയുള്ള ഒരു പദ്ധതി വാട്ടർ അതോറിറ്റി വിഭാവനം ചെയ്തുകൊണ്ടിരിക്കുകയാണ്. നിലവിൽ ശുദ്ധജല വിതരണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതി വിപുലീകരിക്കാൻ 29 ദശലക്ഷം ശേഷിയുള്ള പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. അതിന്റെ ശേഷി 32.67 ദശലക്ഷമായി വർദ്ധിപ്പിച്ച് നിലവിൽ കുന്നംകുളം മുനിസിപ്പാലിറ്റിയിൽ **ചാട്ടുകുളത്ത്** അവസാനിക്കുന്ന 400 എം.എം. ഡി.ഐ.സി.ഐ ഗ്രാവിറ്റി മെയിനിൽ നിന്നും പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകൾക്കുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. 1725 ലക്ഷം രൂപയുടെ പദ്ധതിക്കാണ് കേന്ദ്ര ഗവൺമെന്റ് ധനസഹായത്തോടെ 4-3-2014-ൽ അനുമതി ലഭിച്ചിട്ടുള്ളത്. 4 കെ.എം 250 എം.എം. ജി.ഐ പൈപ്പ് ലൈൻ സ്ഥാപിച്ച് മുല്ലശ്ശേരി പഞ്ചായ

ത്തിൽ മാനിനക്കുന്നിൽ കേരള വാട്ടർ അതോറിറ്റിയുടെ കൈവശമുള്ള സ്ഥലത്ത് 5.5 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ജലസംഭരണി നിർമ്മിച്ച് കുടിവെള്ളം ലഭ്യമാക്കാനുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളിലേയ്ക്കുള്ള പദ്ധതിക്കായി ഏകദേശം 2500 ദശലക്ഷം രൂപ ചെലവ് കണക്കാക്കുന്നു. പദ്ധതി പൂർത്തിയാകുന്ന തോടെ രണ്ട് പഞ്ചായത്തുകളും നേരിടുന്ന കുടുവെള്ള ക്ഷാമം പരിഹരി ക്കാൻ സാധിക്കുന്നതാണ്. ഏറ്റവും ഒടുവിൽ പറഞ്ഞ ഒരു എം.എൽ.ഡി വെള്ളം പാവറട്ടി പഞ്ചായത്തിന് നൽകാനുള്ള നിർദ്ദേശം വാട്ടർ അതോറിറ്റി എം.ഡി ക്ക് നൽകിക്കഴിഞ്ഞിട്ടുണ്ട്.

## സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. കെ. ദാസൻ: സർ, കൊയിലാണ്ടി നിയോജക മണ്ഡലത്തിന്റെ ഭൂരിഭാഗം പ്രദേശവും തീരദേശമാണ്. മഴക്കാലത്തുപോലും അവിടെ കുടിവെള്ളം ലഭിക്കാത്ത അവസ്ഥയാണ്, ഉപ്പ് കലർന്ന വെള്ളമാണ് ലഭിക്കു ന്നത്. കുടിവെള്ള പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരമെന്ന നിലയിൽ മുൻ ഗവൺമെന്റിന്റെ കാലത്ത് മലബാർ പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ച പദ്ധതിയാണ് ചിറ്റാരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്. 2009-ൽ 10 കോടി രൂപയ്ക്കാണ് ഇതിന്റെ എ.എസ്. നൽകിയത്. പദ്ധതിയുടെ ഡീറ്റെയിൽഡ് എസ്റ്റിമേറ്റും മറ്റ് നടപടികളും പൂർത്തിയാക്കുന്നതിൽ ഇറിഗേഷൻ വകുപ്പിലുണ്ടായ കാലതാമസംമൂലം പദ്ധതിയുടെ എസ്റ്റിമേറ്റ് 10 കോടി

രൂപയിൽ നിന്ന് ഏകദേശം 18 കോടി രൂപയായി വർദ്ധിച്ചു. ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി നിരവധി തവണ ഞാൻ സർക്കാരിലേയ്ക്ക് നിവേദനം നൽകുകയും നിയമസഭയിൽ സബ്മിഷൻ ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ എസ്റ്റിമേറ്റ് ധനകാര്യ വകുപ്പിലും സി.റ്റി.എ തലത്തിലും എത്തിയതാണ്. എന്നാൽ എസ്റ്റിമേറ്റിൽ ചില പിശകുകൾ ചൂണ്ടിക്കാണിച്ചും **സി.പി.ഡബ്ല്യൂ** ഡാറ്റയിൽ പുതുക്കിയ എസ്റ്റിമേറ്റ് വേണമെന്ന് പറഞ്ഞും **സി.റ്റി.എ** തലത്തിൽനിന്ന് ഫയൽ മടക്കുകയാണു ണ്ടായത്. ഇതിനെത്തുടർന്ന് സി.പി.ഡബ്ല്യൂ ഡാറ്റയിൽ ഇലക്ട്രിക്കൽ മെക്കാനിക്കൽ എസ്റ്റിമേറ്റ് സഹിതം പൂർണ്ണമായ എസ്റ്റിമേറ്റ് 31–05–2014–നകം വാട്ടർ റിസോഴ്സ് ഡിപ്പാർട്ടുമെന്റിന് എത്തിക്കണമെന്ന് ജലവിഭവ വകുപ്പ് അഡീഷണൽ സെക്രട്ടറി ഇറിഗേഷൻ എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയതാണ്. ഇക്കാര്യത്തിൽ ഒരു നടപടിയും ഇറിഗേഷൻ എഞ്ചിനീയ റുടെ ഓഫീസിൽ പൂർത്തിയായിട്ടില്ല. ഞാൻ അന്വേഷിച്ചതിൽ മനസിലായത് ഇറിഗേഷൻ വകുപ്പ് ഇലക്ട്രിക്കൽ മെക്കാനിക്കൽ വിഭാഗത്തിന് സി.പി.ഡബ്ല്യൂ ഡാറ്റ സംബന്ധിച്ച് യാതൊരു ഐഡിയയും ഇല്ല എന്നാണ്. സി.പി.ഡബ്ല്യൂ ഡാറ്റ സംബന്ധിച്ച് വകുപ്പുതലത്തിൽ നിർദ്ദേശമൊന്നും ലഭിച്ചി ട്ടില്ലെന്നാണ് മനസിലാക്കുന്നത്. ഇലക്ട്രിക്കൽ മെക്കാനിക്കൽ വർക്കറുടെ സി.പി.ഡബ്ല്യൂ ഡാറ്റയിലുള്ള എസ്റ്റിമേറ്റ് എപ്പോഴാണ് തയ്യാറാക്കുകയെന്നത് എനിക്ക് മനസിലാകുന്നില്ല. വാട്ടർ അതോറിറ്റി ചിറ്റാരിക്കടവ് റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മിതിയോടനുബന്ധമായി 37 കോടി രൂപയുടെ ഒരു ബൃഹത്തായ പദ്ധതിയും തയ്യാറാക്കി സമർപ്പിച്ചിരുന്നു. ഈ പദ്ധതി നടപ്പിലാ ക്കണമെങ്കിൽ ചിറ്റാരിക്കടവ് പദ്ധതി യാഥാർത്ഥ്യമാകണം. ഈ പദ്ധതി എന്റെ

മണ്ഡലത്തിലെ പതിനായിരക്കണക്കിന് ജനങ്ങളുടെ ദാഹജലത്തിന്റെ പ്രശ്ന മാണ് ഉയർത്തുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട ആളുക ളുടെ പ്രത്യേക യോഗം ബഹുമാനപ്പെട്ട മന്ത്രി വിളിച്ചുചേർത്ത് ഇതിലെ സാങ്കേതിക പ്രശ്നങ്ങളെല്ലാം പരിഹരിക്കാനാവശ്യമായ നടപടികൾ അടിയ ന്തരമായി സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ചിറ്റാരിക്കടവ് പുഴയ്ക്ക് കുറുകെ ഒരു റഗുലേറ്റർ കം ബ്രിഡ്ജ് പണിയാൻ ഉദ്ദേശിച്ചിരുന്നു. അതിന് സമീപത്തായി കിണർ നിർമ്മിച്ച് .കനാൽ ലഭ്യമാക്കി ഒരു ബൃഹത് പദ്ധതി കൊയിലാണ്ടി മുനിസിപ്പാലിറ്റിക്കുവേണ്ടി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി. 14 ദശലക്ഷം ലിറ്റർ ജലം പ്രതിദിന ഉൽപ്പാദന ശേഷിയുള്ള ഒരു ശുദ്ധീകരണശാലയും അനുബന്ധ പ്രവർത്തികളും അതിൽ ഉൾപ്പെടുത്തിയി രുന്നു. ഇതിന്റെ പ്രോജക്ട് തുക 37 കോടി രൂപയായിരുന്നു. പദ്ധതിയുടെ സ്രോതസിന്റെ ഉറവിടം അപര്യാപ്തമായതിനാൽ പദ്ധതി പ്രാവർത്തികമാ യില്ല. ജപ്പാൻ ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടെ കോഴിക്കോട് നഗരത്തിനും സമീപ പഞ്ചായത്തുകൾക്കുമായി നടപ്പാക്കുന്ന സമഗ്ര പദ്ധതി യിൽനിന്നും 14 ദശലക്ഷം ലിറ്റർ ജലം ദിവസേന കൊയിലാണ്ടി മുനിസിപ്പാലി റ്റിയിലേയ്ക്ക് വിതരണം ചെയ്യത്തക്ക വിധത്തിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി പ്രതിദിനം 14 ദശലക്ഷം ലിറ്റർ ജലം JICA പദ്ധതിയിൽനിന്ന് നൽകുവാൻ സാങ്കേതികമായി സാധ്യമാണോയെന്ന

റിയിക്കാൻ JICA ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ഈ പദ്ധതിയിലൂടെ കൊയിലാണ്ടിയിലെ 91163 ജനങ്ങൾക്ക് കുടിവെള്ളം നൽകാനാണുദ്ദേശിക്കുന്നത്. ഒരാൾക്ക് പ്രതിദിനം 135 ലിറ്റർ ജലം എന്ന രീതിയിലാണ് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്. JICA പദ്ധതിയിൽനിന്ന് ജലം മതിയായ അളവിൽ ലഭ്യമായില്ലെങ്കിൽ കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ റിസർവോയറിൽനിന്നും ജലം ലഭ്യമാക്കി 14 എം.എൽ.ഡി കപ്പാസിറ്റിയുള്ള മറ്റൊരു ട്രീറ്റ്മെന്റ് പ്ലാന്റ് പണിത് കൊയിലാണ്ടി മുനിസിപ്പാലിറ്റിക്ക് ജലം നൽകാവുന്നതാണെന്ന പ്രൊപ്പോസലുണ്ട്.